# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 ഏപ്രിൽ 28 ചൊവ്വ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

www.prd.kerala.gov.in.
videos: http://www.clipmail.kerala.gov.in
email: diothrissur@gmail.com

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പാർട്ട് - 2

## ജലസ്രോതസുകളിൽ നിന്നുള്ള ചെളി നീക്കൽ ഉടൻ പുനരാരംഭിക്കും

ജില്ലയിലെ ജലസ്രോതസ്സുകളിൽ നിന്നുള്ള ചെളി നീക്കം ചെയ്യൽ ഉടൻ പുനരാരംഭിക്കും. ഇതിന് വേണ്ട പാസുകൾ ജില്ലാ കളക്ടർ അനുവദിക്കും. 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയത്തെ തുടർന്ന് നദികളിൽ നിന്നും നീർച്ചാലുകളിൽ നിന്നും ചെളിയും പ്രളയ അവശിഷ്ടങ്ങളും നീക്കം ചെയ്യാൻ ദുരന്ത നിവാരണ നിയമപ്രകാരം സർക്കാർ ഉത്തരവിട്ടിരുന്നു. ഇതിന് തദ്ദേശ സ്ഥാപന സെക്രട്ടറിമാരെ ചുമതലപ്പെടുത്തി ജില്ലാ കളക്ടർ ഉത്തരവിറക്കി. ഈ സമിതിയാണ് ജില്ലാ തലത്തിലുള്ള പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നത്.

പുഴകളിൽ നിന്നും തോടുകളിൽ നിന്നും നീക്കം ചെയ്യേണ്ട അവശിഷ്ടങ്ങളുടെ അടിസ്ഥാനവില തദ്ദേശസ്വയംഭരണതല സമിതി നിശ്ചയിക്കും. പൊതു ലേലത്തിലൂടെ ഇതിന്റെ വിൽപ്പന പൂർത്തീകരിക്കുകയും ചെയ്യും. നീക്കം ചെയ്യുന്ന അവശിഷ്ടങ്ങൾ പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കാനോ സൂക്ഷിക്കാനോ പാടില്ല. ഇതിന്റെ പൂർണ ഉത്തരവാദിത്വം ലേലം കൈകൊണ്ട വ്യക്തിക്കോ സ്ഥാപനത്തിനോ ആയിരിക്കും. അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിന് വേണ്ടതായ പാസുകൾ ജില്ലാതല സമിതി നിർദ്ദേശ പ്രകാരം ജില്ലാ കളക്ടർ അനുവദിക്കും. അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിനുള്ള ചെലവ് ലേലം ചെയ്ത് ലഭിക്കുന്ന തുകയിൽ നിന്നും കണ്ടെത്തണം.

ഉത്തരവിനെ തുടർന്ന് ഉടൻ വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയാണ് ജില്ലയിൽ ആദ്യമായി അവ ശിഷ്ടങ്ങൾ നീക്കി തുടങ്ങിയത്. 'ഇനി ഞാൻ ഒഴുകട്ടെ' പദ്ധതിയുടെ ഭാഗമായി കേച്ചേരിപ്പുഴയിൽ നാല് കിലോമീറ്ററോളം ചെളിയും അവശിഷ്ടങ്ങളും നീക്കി. ബാക്കി അഞ്ച് കിലോമീറ്ററിലെ മണ്ണും മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. നീക്കം ചെയ്ത അവശിഷ്ടങ്ങൾ ലേലം ചെയ്യുന്ന നടപടികളും തുടങ്ങി. മാതൃകപരമായിരുന്നു വടക്കാഞ്ചേരി നഗര സഭയുടെ പ്രവർത്തനം

## ഇതര സംസ്ഥാനക്കാർക്ക് ജില്ലാ അതിർത്തിയിൽ കർശന ആരോഗ്യ പരിശോധ

തൃശ്ശൂർ - മലപ്പുറം ജില്ലാ അതിർത്തിയായ കടവല്ലൂരിൽ ചൊവ്വാഴ്ച (ഏപ്രിൽ 28) ഇതര സംസ്ഥാനക്കാർക്ക് കർശന ആരോഗ്യ പരിശോധന. ആരോഗ്യ പ്രവർത്തകരുടെ നേതൃത്വത്തിൽ വലിയ ലോറികളിലും മറ്റും വരുന്നവരെ തടഞ്ഞു നിർത്തി തെർമൽ സ്കാനർ ഉപയോഗിച്ച് പരിശോധിച്ചാണ് തൃശൂർ ജില്ലയിലേക്ക് കടത്തിവിട്ടത്. കൂടാതെ മലപ്പുറം ജില്ലയിൽ നിന്നു

വരുന്നവരേയും പരിശോധിച്ചു.ചൊവ്വാഴ്ച (ഏപ്രിൽ 28) നൂറിലധികം പേരെ പരിശോധിച്ചു. ഇവരെ ബോധവത്ക്കരിക്കുകയും ചെയ്യുന്നു.

കോട്ടോൽ സി എച്ച് സി സൂപ്രണ്ട് ഡോ. ഇ വാസുദേവന്റെ നേതൃത്വത്തിലുള്ള സംഘമാണ് പരിശോധന നടത്തുന്നത്. ലോക്ക് ഡൗൺ തീരുന്നത് വരെ മൂന്നു ഷിഫ്റ്റുകളിലായി ആരോഗ്യ പ്രവർത്തകർ അതിർത്തി കടന്നു വരുന്നവരെ പരിശോധിക്കും.

ഇതോടൊപ്പം ജില്ലാതിർത്തികളിൽ അടച്ചിട്ട ഏഴ് റോഡുകളിൽ ചൊവ്വാഴ്ചയും (ഏപ്രിൽ 28) കർശന വാഹന പരിശോധന തുടർന്നു. കഴിഞ്ഞ ദിവസം എസ് പി സ്ഥലങ്ങൾ സന്ദർശിച്ച് പരിശോധന കർശനമാക്കണമെന്ന് നിർദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തൃശൂർ ക്രൈംബ്രാഞ്ച് ഓഫീസ്, കുന്നംകുളം സ്റ്റേഷനിലെ പോലീസ് ഉദ്യോഗസ്ഥർ എന്നിവർ ചേർന്നാണ് അതിർത്തിയിൽ പരിശോധന നടത്തുന്നത്. ലോക്ക് ഡൗൺ തീരുന്നതുവരെയാണ് വാഹന പരിശോധന.

## സബ് സെൻററുകളിൽ വളണ്ടിയർ സേവനം ഉറപ്പാക്കും

കോവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായി ആരോഗ്യ വകുപ്പിന്റെ സബ് സെന്ററുകൾ കേന്ദ്രീകരിച്ച് വളണ്ടിയർമാരുടെ സേവനം ഉറപ്പാക്കാൻ വടക്കാഞ്ചേരി നഗരസഭ യോഗം തീരുമാനിച്ചു. ജില്ലക്ക് പുറത്തുനിന്ന് വരുന്നവരുടെ വിവരശേഖരണവും ഭക്ഷ്യവിഭവങ്ങളുടെ ലഭ്യതയും ആസൂത്രണം ചെയ്യാനാണ് യോഗം വിളിച്ചുചേർത്തത്. പഴം, പച്ചക്കറി, ധാന്യങ്ങൾ, മത്സ്യം, മുട്ടക്കോഴി തുടങ്ങി പ്രാദേശിക ഭക്ഷ്യ വിഭവങ്ങളുടെ ഉൽപാദനത്തിൽ വർധന ഉണ്ടാകണം എന്ന മുഖ്യമന്ത്രിയുടെ ആഹ്വാനം അനുസരിച്ചാണ് വിഭവ സമാഹരണ സർവേ വടക്കാഞ്ചേരി നഗരസഭ ആലോചിച്ചത്. 10,000 വീടുകളിൽ പച്ചക്കറിവിത്തുകൾ ജീവനി പദ്ധതിയുടെ ഭാഗമായി വീടുകളിൽ നൽകിയിട്ടുണ്ട്. ജലസേചന സൗകര്യവും വെയിൽ ലഭ്യതയുമുള്ള 10 സെന്റ് സ്ഥലമെങ്കിലുമുള്ള ഇടങ്ങളിലാണ് ഒരേ ഇനം പച്ചക്കറി വളർത്തുവാനുള്ള പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

ചെയർപേഴ്സൺ ശിവപ്രിയ സന്തോഷ് അധ്യക്ഷത വഹിച്ചു. വൈസ് ചെയർമാൻ എം ആർ സോമ നാരായണൻ, സ്ഥിരം സമിതി അധ്യക്ഷരായ എം ആർ അനൂപ് കിഷോർ, എൻ കെ പ്രമോദ് കുമാർ, ജയ പ്രീത മോഹനൻ, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## കുന്നംകുളത്തെ പുതിയ അർബൻ പി എച്ച് സി; മേയിൽ പ്രവർത്തനമാരംഭിക്കും

കുന്നംകുളം നഗരസഭയിലെ പോർക്കളെങ്ങാട് പ്രാഥമികാരോഗ്യ കേന്ദ്രത്തെ അർബൻ പി.എച്ച്.സിയാക്കി മാറ്റാൻ ആരോഗ്യ വകുപ്പ് ഉത്തരവിറക്കി. ഇതിന്റെ പ്രവർത്തനം മെയിൽ തന്നെ ആരംഭിക്കുമെന്ന് നഗരസഭ ചെയർപേഴ്സൻ സീതാ രവീന്ദ്രൻ അറിയിച്ചു.

നിലവിൽ മാതൃ - ശിശു സംരക്ഷണ കേന്ദ്രം പ്രവർത്തിക്കുന്ന പോർക്കളെങ്ങാട് പി എച്ച് സി കെട്ടിടത്തിന്റെ നവീകരണത്തിന് 3.5 ലക്ഷം രൂപ  അനുവദിച്ചു. അർബൻ പി എച്ച് സിയിൽ രണ്ട് ഡോക്ടർമാർ, നഴ്സുമാർ, ഫാർമസിസ്റ്റ് ഉൾപ്പെടെ 11 തസ്തികകളും അനുവദിച്ചു.

2000 ൽ ചൊവ്വന്നൂർ പഞ്ചായത്തിന്റെ ഭാഗമായിരുന്ന പോർക്കളെങ്ങാട് നിലവിലുണ്ടായിരുന്ന പ്രാഥമികാരോഗ്യ കേന്ദ്രം 2015 ൽ ചെമ്മന്തട്ടയിലേക്ക് മാറ്റിയിരുന്നു. ഇതേ തുടർന്നാണ് പോർക്കളെങ്ങാട് കൂടുതൽ ചികിത്സാ സൗകര്യങ്ങൾ വേണമെന്ന ആവശ്യമുയർന്നത്.

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ. സി മൊയ്തീന്റെയും ആരോഗ്യവകുപ്പ് മന്ത്രിയുടെയും ഇടപെടലിനെ തുടർന്നാണ് പോർക്കളെങ്ങാട് വാർഡ് 26 ൽ അർബൻ പി എച്ച് സി അനുവദിച്ചത്.

## തൊഴിലുറപ്പ് പദ്ധതി: വടക്കാഞ്ചേരി നഗരസഭക്ക് 75 ലക്ഷം അനുവദിച്ചു

വടക്കാഞ്ചേരി നഗരസഭയ്ക്ക് സംസ്ഥാന സർക്കാർ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ 75 ലക്ഷം രൂപ അനുവദിച്ചു. കോവിഡ് പ്രതിരോധ പശ്ചാത്തലത്തിൽ സർക്കാരിന്റെ

മാനദണ്ഡങ്ങൾക്കനുസരിച്ച് തുക വിനിയോഗിക്കാനായി നഗരസഭ ചെയർപേഴ്സൺ ശിവപ്രിയ സന്തോഷിന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു.

എല്ലാ വീട്ടിലും ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ, സോക്ക്പിറ്റ്, കമ്പോസ്റ്റ് പിറ്റ്, കിണർ നീർത്തട സംരക്ഷണം, ആട്ടിൻകൂട്, കാലിത്തൊഴുത്ത്, കോഴിക്കൂട് നിർമ്മാണം തുടങ്ങിയവയ്ക്ക് പ്രാധാന്യം കൊടുക്കാനാണ് തീരുമാനം. ഇതുമായി ബന്ധപ്പെട്ട് പകൽവീട്ടിലും, നഗരസഭയിലും അയ്യങ്കാളി പദ്ധതി മേറ്റുമാരുടെ യോഗം ചേർന്നിരുന്നു. യോഗത്തിൽ നഗരസഭ വൈസ് ചെയർമാൻ എം ആർ സോമ നാരായണൻ, സ്റ്റാൻഡിങ് കമ്മിറ്റി സ്ഥിരം സമിതി അധ്യക്ഷന്മാരായ എം ആർ അനൂപ്, കിഷോർ, എൻ കെ പ്രമോദ് കുമാർ, ജയ പ്രീത മോഹനൻ, കൗൺസിലർ പി ആർ അരവിന്ദാക്ഷൻ, നഗരസഭ സെക്രട്ടറി മുഹമ്മദ് അനസ് എന്നിവർ പങ്കെടുത്തു.

## കാട്ടകാമ്പാൽ പൂരം മേയ് 3, 4 തീയതികളിൽ : ചടങ്ങുകൾ മാത്രം

പ്രസിദ്ധമായ കാട്ടകാമ്പാൽ പൂരം കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ വെറും ചടങ്ങുകൾ മാത്രമായി നടത്താൻ തീരുമാനിച്ചതായി ക്ഷേത്ര ഭാരവാഹികൾ അറിയിച്ചു. മേയ് മൂന്ന്, നാല് തിയ്യതികളിലാണ് ഇത്തവണത്തെ പൂരം. കാളി - ദാരിക സംവാദം, യുദ്ധം എന്നീ ചടങ്ങുകളിലൂടെ ഏറെ പ്രസിദ്ധമാണ് കാട്ടകാമ്പാൽ പൂരം. കഴിഞ്ഞ ദിവസം പൂരത്തിന് തുടക്കം കുറിച്ച് നടന്ന ക്ഷേത്രക്കുളത്തിലെ ഭഗവതിയുടെ ആറാട്ടും ആളുകളില്ലാതെ ചടങ്ങ് മാത്രമായാണ് നടത്തിയത്.

## കുടുക്കയിലെ സമ്പാദ്യം ദുരിതാശ്വാസ നിധിയിലേക്ക് നൽകി താരു

ഒരു വർഷത്തോളം കുടുക്കയിൽ ഇട്ടുവെച്ച നാണയത്തുട്ടുകളും നോട്ടുകളും ചേർത്ത് 5000 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകി വിദ്യാർത്ഥിയായ താരു നാടിന് മാതൃകയായി. തൃശ്ശൂർ പുത്തൻപള്ളി കാൽഡിയൻ സിറിയൻ ഹൈസ്കൂളിലെ അധ്യാപക ദമ്പതികളായ ജീനിന്റെയും പിൻസിയുടെയും മകനായ താരു ജില്ലാ കളക്ടർ എസ് ഷാനവാസിന്റെ ചേംബറിലെത്തിയാണ് കുടുക്ക കൈമാറിയത്. ഇതേ സ്കൂളിലെ ഏഴാം ക്ലാസ് വിദ്യാർത്ഥിയാണ് താരു. ജില്ലയിൽ ആളുകൾ ഭക്ഷണത്തിന് ബുദ്ധിമുട്ടുന്ന കഥകൾ കേട്ടപ്പോളാണ് ദുരിതാശ്വാസ നിധിയിലേക്ക് തന്റെ സമ്പാദ്യം നൽകണമെന്ന് താരു മാതാപിതാക്കളോട് ആവശ്യപ്പെട്ടത്.

***ഫോട്ടോ അടിക്കുറിപ്പ്: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കുടുക്കയിലെ സമ്പാദ്യം ജില്ലാ കളക്ടർ എസ് ഷാനവാസിനു കൈമാറുന്ന താരു***

## 'ഐ നോ എസ്‌വിഇപി' ക്യാമ്പയിനുമായി കുടുംബശ്രീ

ജില്ലയിൽ കൊടകര ബ്ലോക്കിൽ അയൽക്കൂട്ട അംഗക്കൾക്കായി എസ്.വി.ഇ.പി. പദ്ധതിയുടെ ഭാഗമായി കുടുംബശ്രീയുടെ നേതൃത്വത്തിൽ 'ഐ നോ എസ്‌വിഇപി' ക്യാമ്പയിൻ ആരംഭിച്ചു. അയൽക്കൂട്ട അംഗങ്ങളെ കുടുംബശ്രീയുടെ എസ്.ഇ.വി.പി. (സ്റ്റാർട്ട്അപ്പ് വില്ലേജ് എന്റർപ്രിണർഷിപ്പ് പ്രോഗ്രാം) പദ്ധതിയെ കുറിച്ച് കൂടുതൽ മനസ്സിലാക്കുക, സാമ്പത്തിക സഹായം ഉൾപ്പെടെ സംരംഭം ആരംഭിക്കാൻ അംഗങ്ങളെ സഹായിക്കുക എന്നിവയാണ് ക്യാമ്പയിന്റെ പ്രധാന ലക്ഷ്യം. നിലവിൽ കുടുംബശ്രീ, സംരംഭവും സംരംഭകത്വവും, എസ്.വി.ഇ.പി. എന്നിങ്ങനെ മൂന്ന് മൊഡ്യൂളുകളായാണ് അംഗങ്ങൾക്ക് പഠിക്കുന്നതിന് ഓൺലൈൻ വഴി ലഭ്യമാക്കിയത്. പാഠഭാഗങ്ങളെ അടിസ്ഥാനമാക്കിയ ചോദ്യാവലിയിലൂടെയാണ് ക്യാമ്പയിൻ അവസാനിക്കുന്നത്. കൂടാതെ ക്വിസ്സിൽ കുറവ് സമയം കൊണ്ട് കൂടുതൽ മാർക്ക് നേടുന്ന ആളെ വിജയിയായി പ്രഖ്യാപിക്കും. ക്വിസ്സിൽ മത്സരിക്കുന്നതിന് പുറമെ സംരംഭം തുടങ്ങാൻ താൽപ്പര്യമുള്ളവർക്കും കുടുംബശ്രീ ജില്ലാ മിഷനുമായി ബന്ധപ്പെടാവുന്നതാണ്. മൂന്നും മൊഡ്യൂളുകളും ക്വിസ്സും കുടുംബശ്രീ തൃശ്ശൂർ ഡിസ്ട്രിക്റ്റ് മിഷന്റെ ഫേസ്ബുക്ക് പേജിൽ ലഭ്യമാണ്.

***ഫോട്ടോ അടിക്കുറിപ്പ്: കുടുംബശ്രീ സംരംഭകത്വത്തിനു വേണ്ടി ആരംഭിച്ച 'ഐ നോ എസ്‌വിഇപി' ക്യാമ്പയിൻ ലോഗോ***

# സഞ്ചരിക്കുന്ന ആശുപത്രിയുമായി മാള ഗ്രാമ പഞ്ചായത്ത്

ലോക്ക് ഡൌൺ കാലത്ത് ആശുപത്രിയിൽ ചികിത്സയ്ക്കായി എത്താൻ കഴിയാത്തവർക്ക് ആശ്വാസവുമായി മാള ഗ്രാമ പഞ്ചായത്ത്. ജില്ലയിൽ ആദ്യമായി 'സഞ്ചരിക്കുന്ന ആശുപത്രി' എന്ന സൗകര്യവുമായിട്ടാണ് പഞ്ചായത്ത് മുന്നോട്ട് വന്നിരിക്കുന്നത്. ഹോളി ഗ്രേസ് അക്കാദമിയുമായി സഹകരിച്ചാണ് ഈ സംവിധാനം ഒരുക്കിയിട്ടുള്ളത്. ജീവിതശൈലി രോഗങ്ങളുമായി ബുദ്ധിമുട്ട് അനുഭവിക്കുന്നവരുടെ അടുത്തേക്ക് ഡോക്ടർ, നഴ്സ്, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ എന്നിവരടങ്ങിയ സംഘം എത്തുന്നു. ആശുപത്രിയിലേക്ക് എത്താൻ ബുദ്ധിമുട്ടുന്നവരെ കണ്ടെത്തി അവരെ പരിശോധിച്ച് വേണ്ട മരുന്ന് നൽകും. പത്തു ദിവസത്തേക്കാണ് മരുന്ന് നൽകുക. പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നാണ് മരുന്നിനാവശ്യമായ തുക വകയിരുത്തിയിട്ടുള്ളത്. പഞ്ചായത്തിലെ വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ ഓരോ പ്രദേശത്തും ചികിത്സ ആവശ്യമായുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കുന്നു. ഒരു ദിവസം നാല് വാർഡുകളിലായി ചികിത്സാ വണ്ടിയെത്തും. പഞ്ചായത്തിലെ 20 വാർഡുകളിലും ആവശ്യമായവർക്ക് വേണ്ട ചികിത്സ ഉറപ്പാക്കും. സഞ്ചരിക്കുന്ന ആശുപത്രിയുടെ ഫ്ലാഗ് ഓഫ് അഡ്വ. വി ആർ സുനിൽ കുമാർ എം എൽ എ നിർവഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ശോഭ സുഭാഷ്, വൈസ് പ്രസിഡന്റ് ഗൗരി ദാമോദരൻ, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ബിജു ഉറുമീസ്, ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ രാധ ഭാസ്കരൻ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

***ഫോട്ടോ അടിക്കുറിപ്പ്: മാള ഗ്രാമ പഞ്ചായത്തിൽ ആരംഭിച്ച സഞ്ചരിക്കുന്ന ആശുപത്രി***

# 98.44 ശതമാനം മഞ്ഞ കാർഡുടമകൾ അതിജീവനക്കിറ്റ് കൈപ്പറ്റി

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ അനുവദിച്ച അതിജീവന കിറ്റ് വിതരണം ജില്ലയിൽ പുരോഗമിക്കുന്നു. 98.44 ശതമാനം മഞ്ഞ കാർഡുടമകൾ അതിജീവനക്കിറ്റ് കൈപ്പറ്റി. 52677 കാർഡുടമകളിൽ 51858 പേരാണ് കിറ്റ് കൈപ്പറ്റിയത്. ഏപ്രിൽ 27 ന് ആരംഭിച്ച പിങ്ക് (പിഎച്ച്എച്ച്) റേഷൻ കാർഡുകൾക്കുള്ള അതിജീവന കിറ്റ് വിതരണം 19.5 ശതമാനവും പൂർത്തിയായി. 54977 പേരാണ് സൗജന്യ കിറ്റ് കൈപ്പറ്റിയത്. പിഎംജികെഎവൈ പദ്ധതി പ്രകാരം 48631 എഎവൈ കാർഡുടമകളും 2,62,817 കാർഡുടമകളും റേഷൻ വിഹിതം കൈപ്പറ്റി. വിവിധ താലൂക്കുകളിൽ താലൂക്ക് സപ്ലൈ ഓഫീസർമാരുടെ നേതൃത്വത്തിൽ പൊതുവിപണിയിൽ നടത്തിയ കർശന പരിശോധനയിൽ ചാലക്കുടി താലൂക്കിലെ മൂന്ന് സ്ഥാപനങ്ങളിൽ ക്രമക്കേട് കണ്ടെത്തി. പലചരക്ക്, പച്ചക്കറി വിഭാഗങ്ങളിലായി 25 സ്ഥാപനങ്ങളിലാണ് പൊതുവിതരണ വകുപ്പിന്റെ സ്പെഷ്യൽ സ്ക്വാഡ് പരിശോധന നടത്തിയത്.

# ട്രാൻസ്ജെന്റേഴ്സിന് പലവ്യഞ്ജനകിറ്റുമായി കയ്പമംഗലം

ലോക്ക്ഡൗണിന്റെ പശ്ചാത്തലത്തിൽ ദുരിതമനുഭവിക്കുന്നവർക്കായി നാനാ മേഖലകളിൽ നിന്നും സഹായം എത്തുന്നുണ്ട്. ഇപ്പോഴിതാ ട്രാൻജെന്റേഴ്സിനും സഹായം എത്തിക്കുകയാണ് കയ്പ്പമംഗലം. മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന തൃശ്ശൂർ ജില്ലയിലെ ആദ്യത്തെ ട്രാൻസ്ജെന്റ് കുടുംബശ്രീ യൂണിറ്റായ കിരണം അംഗങ്ങൾക്കും മണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിലുമുള്ള മുഴുവൻ ട്രാൻസ്ജെന്റുകൾക്കും പലവ്യഞ്ജന കിറ്റ് വിതരണം ചെയ്താണ് മണ്ഡലം മാതൃകയാവുന്നത്. ഇ ടി ടൈസൺ മാസ്റ്റർ എംഎൽഎ അഡ്മിനായ വാട്സാപ്പ് കൂട്ടായ്മയായ ഫോറെവർ ഗ്രൂപ്പാണ് ആവശ്യമായ പലവ്യഞ്ജനങ്ങൾ സ്പോൺസർ ചെയ്തത്. മണ്ഡലത്തിലെ മുഴുവൻ ട്രാൻസ്ജെന്റുകൾക്കും എംഎൽഎ ഭക്ഷ്യ കിറ്റ് വിതരണം ചെയ്തു. മതിലകം ബ്ലോക്ക് പഞ്ചായത്ത്പ്രസിഡന്റ് കെ കെ അബീദലി, സ്റ്റാൻഡിങ് ങ കമ്മറ്റി ചെയർമാൻ എം എ വിജയൻ, ഫോറെവർ വാട്സാപ്പ് കൂട്ടായ്മ അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: ലോക്ക്ഡൗണിന്റെ ഭാഗമായി കയ്പമംഗലത്ത് ട്രാൻജെന്റേഴ്സിന് പലവ്യഞ്ജനകിറ്റ് വിതരണം ചെയ്യുന്നു***

**തുടരും**